# MALANKARA ORTHODOX SYRIAN SONGS



# വിശുദ്ധ ദനഹാ

## പെരുന്നാളിൽ

## വെള്ളം ശുദ്ധീകരിക്കുന്നക്രമം

(രാവിലെ പ്രഭാതപ്രാർത്ഥനയ്ക്കും തൂയോബോയ്ക്കും ശേഷം പട്ടക്കാരും ശെമ്മാശന്മാരും അംശവസ്ത്രം ധരിച്ച് ഒരു സ്പടികപാത്രത്തിൽ വെള്ളമൊഴിച്ച് പാത്രത്തിന്റെ വായിൽ ഒരു കുരിശു വച്ച് വെള്ളനിറമുള്ള ശോശാപ്പാകൊണ്ട് മൂടി. അതും സ്ലീബാ, ഏവൻഗേലിയോൻ, മെഴുകുതിരികൾ ആദിയായവയും എടുത്തുകൊണ്ട് ആഘോഷമായി വടക്കേവാതിൽ വഴി പുറപ്പെട്ടു ഒരു പ്രദക്ഷിണം നടത്തി തെക്കെവാതിൽ വഴി പ്രവേശിക്കുന്നു. അനന്തരം അഴിക്കകത്ത് മദ്ധ്യത്തിലായി വിരിച്ചൊരുക്കപ്പെട്ട ഒരു മേശമേൽ പാത്രവും ഇരുവശവും മെഴുകുതിരികളുംവച്ച് കിഴക്കോട്ടുതിരിഞ്ഞുനിന്നുകൊണ്ട് ശുശ്രൂഷ ആരംഭിക്കുന്നു.)

### പ്രദക്ഷിണസമയത്തെ ഗീതം

(കോലെഢ് തെശ്ബൂഹത്താ)

യോഹന്നാൻ തൻ സ്തുതിനാദം
യോർദ്ദാൻ നദിയിൽ മുഴങ്ങുന്നു.
താതനുതിരുഹിതമിയലുന്ന
ദൈവത്തിന്നജപപോതമിതാ.

പാവനറൂഹായിവനുപരി
പ്രാവെന്നവിധം വെളിവായി.
സ്വജനത്തൊടു പുറജാതികളേ!
ബഹുതരഭാഷാഭാഷികളേ!

സ്തുതി ചെയ്തവനെ സ്തോത്രത്താ-
ലനവരതം നതി ചെയ്തീടിൻ.

(വേറൊന്ന്. തവ്ആഹായ്)

സോദരരേ! വരുവിൻ പോകാം
സ്നാനമതേൽക്കും സുതനേയും
തിരുസന്നിധിയിൽ നദിയോർദ്ദാൻ
സ്ഥലമേകുന്നതുമീക്ഷിക്കാം.

നീരവനിടമേകീടുകയാൽ
നീരിലവൻ കതിരൊളിവീശി.
നീരതിലേക്കവരോഹം ചെ
യ്തവനതിനരുളീ പരിശുദ്ധി.

അടിയാനാം യോഹന്നാനോ-
ടരുളീതന്മേൽ കൈവയ്പ്പാൻ.
അടിയാനുടയോൻ തൻ തലയിൽ
വലതുകരം വച്ചുരചെയ്തു.

ഞാനാരുടെ തിരുനാമത്തിൽ
മാമോദീസാ നൽകേണ്ടൂ!
താതൻ തൻനാമം ചൊന്നാൽ
താതൻ നിന്നിൽ സ്ഥിതിചെയ്വു.

നാമം തനയന്റേതായാൽ
നീയേകൻ തനയൻ നൂനം
റൂഹായുടെ പേരാകുമ്പോൾ
താതസുതാമല റൂഹായാം.

ത്രിത്വത്തിൻ പൊരുളൊന്നല്ലോ
സർവ്വാധീശാ തേ സ്തോത്രം.

## പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ:- പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജനം:- ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ കരുണയും കൃപയും രണ്ടുലോകങ്ങളിലും എന്നേയ്ക്കും ചൊരിയപ്പെടുമാറാകട്ടെ.

പട്ടക്കാരൻ:- പിതാവിൽ നിന്നുള്ള സ്വയംഭൂവും; തന്റെ നിതൃതയുടെ ഔന്നത്ത്യത്തെ താഴ്ത്തി തന്റെ വിശുദ്ധിയാൽ വെള്ളത്തെ വിശുദ്ധമാക്കുവാൻ വേണ്ടി തന്റെ പ്രസംഗികനായ യോഹന്നാനിൽ നിന്ന് യോർദ്ദാൻ നദിയിൽവച്ച് മാമൂദീസാപ്രാപിച്ചവനുമായ യേശുമിശിഹാ! ഞങ്ങൾ വെടിപ്പോടും വിശുദ്ധിയോടും കൂടെ നിന്നേയും നിന്റെ പിതാവിനേയും നിന്റെ വിശുദ്ധ റൂഹായേയും ഇപ്പോഴും എല്ലായ്പ്പോഴും എന്നേയ്ക്കും സ്തുതിക്കുവാൻ തക്കവണ്ണം നിന്നിൽ നിന്നു സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്ന വിശുദ്ധിയാൽ ഞങ്ങളുടെ ആത്മശരീരങ്ങളെ വിശുദ്ധീകരിക്കണമെ. ഹോ...

## 51-ാം മസുമൂറാ

ദൈവമേ! നിന്റെ കൃപയിൻപ്രകാരം... ഇത്യാദി.

(എനിയോനൊ-അൽയൂറെദിനോൻ)

നദിയോർദാ-നിൽ-താതൻ വാ-നതിലാർത്തു
പ്രീതിയെഴും-മൽ-വത്സലനാം-തനയനിവൻ.
നൃപമശിഹാ-തൻ-സ്നാത്തിൽ-തിരുസഭയേ!
സുതരെ മോ-ദാൽ-വൈദികരാ-ലണിയിക്ക.
വിനയസമേ-തം-സ്നാനം കൈ-ക്കൊണ്ടുലകി-

ന്നമലത ചേ-ർത്തോൻ-പരിശുദ്ധൻ-ബഹുധന്യൻ:
നദിയോർദാ-നിൽ-തനയൻ തൻ-തലയിന്മേൽ
റൂഹായെ-ക്ക-ണ്ടാശ്ചര്യം-ജനമാണ്ടു.

താതൻ ക-തിരേ!-ശുദ്ധി ജഗ-ത്തിന്നരുളാൻ
യോർദാനാ-ർന്നോ-രൊളിയേ! നിൻ-പ്രഭ ധന്യം.

പ്രഭയിൻ സു-തരേ!-സുപ്രഭജാ-തം ചെയ്തു
ഇപ്രഭ ത-ന്നിൽ-മോദിപ്പാൻ- കാത്തിടുവിൻ.

മണവാളൻ -തൻ-മണവറയിൽ-ക്ഷണമുള്ളോർ
നിങ്ങൾ ചാ-ർത്തിൻ-സമുചിതമാം-വസനങ്ങൾ.

നദിയോർദാ-നേ!-മോദിച്ചീ-ടുക; നിന്നിൽ
സ്നാനമതേ-റ്റു-രക്ഷകനാ-കും മശിഹാ.

പിതൃസുത റൂ-ഹാ-വിമലതയിൽ-മൂന്നാകും
ക്നൂമയോ-ർദാൻ-നദി തന്നിൽ-ഘോഷിതമായ്.

ബാറെക്മോർ-ശുബഹോ...

മെനഓലം...

സ്വയമുൽഭൂ-താ-ആദിയുമ-ന്തവുമെന്യേ
ത്രിത്വമതാ-കും-പിതൃസുത റൂഹാ! സ്തുതിതേ.

മൊറിയോ...

## പ്രാർത്ഥന

സകല ജലാശങ്ങളേയും നദികളേയും തന്റെ സ്നാനത്താൽ വിശുദ്ധീകരിച്ച പരിശുദ്ധനായ കർത്താവെ! നിന്റെ ദനഹായുടെ ഈ വിശുദ്ധ ദിനത്തിൽ നിന്റെ വിശുദ്ധിയാൽ ഞങ്ങളെ ശുദ്ധീകരിക്കണമെ.

ങ്ങളുടെ വായ്കളെ നിന്റെ സ്തുതിയുടെ ഉറവയും നിന്റെ മഹത്വങ്ങളുടെ നിറഞ്ഞ പാത്രങ്ങളും ആക്കിത്തീർക്കണമെ. ഹോശോ...

(കോനൂനൊ യൌനോയൊ)

കുതിരപ്പടമതൻ ജലംകൊണ്ട് അവയുടെ പുറത്തു കയറിയിരുന്നവരെ സമുദ്രത്തിൽ നിപതിപ്പിച്ച പ്രബലനായ കർത്താവിനെ നാം സ്തുതിക്കണം.

ഭീകരവാരിനിധിയ്ക്കതിരായ് ദൈവം നടകൊണ്ടു–മുങ്ങിപ്പോമെന്നോർത്തോരിസറായേൽ വാരിധിയിൽ കരകണ്ടു–മിസ്രേമ്യരഥങ്ങളെയുടനടിയാഴി വിഴുങ്ങി–അത്യുന്നതനുടയോൻ തന്നുടെ കരബലമതിനാൽ കുതിപ്പട്ടാളത്തിനു വാരിധി കല്ലറയായി.

ബാറെക്മോർ–ശുബഹോ...

മാനവജാതിയ്ക്കുദയം ചെയ്തൊരു പുലർകാത്തിൽ പ്രഭതൻ നൃപതേ! നീ മരുവിൽനിന്നും യോർദാനാർന്നു–കൂരിരുളിൻപടയിൽനിന്നും നിൻപ്രതി രൂപത്തെ പ്രബലകരത്താൽ പരിരക്ഷിപ്പാൻ സ്നാത്തിനു നീ തലതാഴ്ത്തി.

മെനഓലം...

ആദ്യന്തവിഹീനാ! വചനേശാ! നിന്നൊടു സഹിതം നീ നീരിൽ മുക്കീട്ടവനുദ്ധാരണമേകീ–“എന്നോമനനന്ദനനാണിവനെന്നാകുന്നോനെൻ സാരാംശത്തിൽ–ദൈവത്വത്തിലപ്പനിയ്ക്കൊപ്പം സ്ഥിതി ചെയ്യുന്നോൻ”–

എന്നേവം ജനകൻ ചൊല്ലിയ ഗഹനദ്ധ്വനിയാൽ ഗഗനത്തീനും നവ്യതയും നൽകി.

രാത്രികാലത്തു എന്റെ ദേഹി നിനക്കായിതാമസിച്ചു. എന്റെ ഹൃദയത്തിൽ എന്റെ ആത്മാവു നിന്റെ സന്നിധിയിലേയ്ക്കു കുതിയ്ക്കുകയുംചെയ്തു.

വൈരികളിൽ നിന്നുളവാകും കന്മഷ മലിനതകൾക്കിന്നാൾ വെണ്മയിവൻ നൽകി സലിലാത്മ സ്നാനത്താൽ-നിത്യനവീന സുബദ്ധവിശുദ്ധ മതാമാത്മീയം മാർഗ്ഗം കാട്ടി നമുക്കായ്-ദൈവത്തിൻ പ്രിയവത്സലനുടെ മനതാരിലനാരതമീമാർഗ്ഗം നിലകൊള്ളും.

ബാറെക്മോർ-ശുബഹോ...

തൻകയ്യാൽ മനയപ്പെട്ടോൻ ദുരിതദുരാഗ്രഹ ബന്ധിതനായതു കണ്ടപ്പോളുടയോനവനെത്താങ്ങി ത്തോളിന്മേലേറ്റി-യോർദാൻ നദിയിലെ ജലമതില വനുടെ മലിനതപോക്കി-ഏവം നിജ മനസ്സാ നിപതിതനാമാദാമിൻ രൂപത്തിനു നവ്യതനൽകി.

മെനഓലം...

നിർമ്മലമതുമാത്മീയവുമാം ബഹുശാഖകളെ പ്രവഹിപ്പിച്ചിടുമരുവിയിലേയ്ക്കുത്സാഹത്തൊടുവിധിപോൽ പോയിടാം-പാർത്താൽവചനം ദൈവം സ്വ പദത്തീന്നും നമ്മൾക്കന്തികമാഗതനായി-ദൈവികദാഹാർത്തന്മാ

ക്കായ് കൊണ്ടിഹ വന്നാനുത്തമപാനീയം- ആകാംക്ഷയൊടരികിലണഞ്ഞൊരു സൃഷ്ടിയ്ക്കരുളീ ശാരീരിക ശാന്തി.

(മാവുർബൊ)

മറിയാം പറഞ്ഞു: എന്റെ ദേഹി കർത്താവിനെ സ്തിതുക്കുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ആഹ്ളാദിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ വിനയത്തെ കടാക്ഷിച്ചു. ഇതുമുതൽ സർവ്വ തലമുറകളും എന്നെ ഭാഗ്യവതി എന്നു കീർത്തിക്കും.

തായേ! ധന്യേ! കരുണ നിറഞ്ഞോളേ! തേജസ്സിൻ തിരുമണവാട്ടി!- മാനവബോധാതീതൻ നിൻ ശിശുവത്ഭുതപൂർണ്ണൻ- മാനുഷവർഗ്ഗപരിത്രാണത്തിനു നീ കാരണമായി-സ്തോത്രംതേ പാടിടാനും കീർത്തനമകുടം മുടയാനും നന്ദിസ്തുതി ദാനങ്ങളെയർപ്പിപ്പതിനും ഞങ്ങൾ ബാദ്ധ്യതയുള്ളോർ.

എന്തെന്നാൽ സരവ്വശക്തനും പരിശുദ്ധ നാമവാനും ആയവൻ എന്നിൽ മഹാകാർയ്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു. അവനെ ആശ്രയിക്കുന്നവരുടെമേൽ അവന്റെ കരുണവംശങ്ങളും തലമുറകളും ഉള്ളിടത്തോളം കാലം ഉണ്ടാകും.

അടയാളം കണ്ടത്ഭുതവിവശതയോടതിരില്ലാത്ത രഹസ്യങ്ങളെ നാമ്മോടറിയിച്ചാനൊരുനാൾ നിബിമോശ-ജീവദമാകും ദൈവികപാവകനേയത്ഭുതകരമായാഘോഷിച്ചൊരു കന്യകയേയും-അവനേയേറ്റൊരു യോർദാൻ നദിയേയും സൂചിപ്പിച്ചാൻ.

അവൻ സ്വഹസ്തംകൊണ്ട് വിജയം നേടി. മനസ്സങ്കല്പം കൊണ്ട് അഹങ്കരിച്ചിരുന്നവരെ ചിതറിച്ചു. പ്രബലന്മാരെ സിംഹാസനങ്ങളിൽ നിന്നു ഇറക്കി വിനീതരെ ഉദ്ധരിച്ചു.

സ്നാനമതേല്പാനാഗതനാം നന്ദനനെക്കണ്ടാദരവൊടു സഭയം യൂഹാനോനുൽഘോഷിച്ചാൻ- ലോകത്തിൻപാപംപേറും ദൈവികകുഞ്ഞാടിവനല്ലോ-അല്ലല്ലോർക്കിലിവന്റെ ചെരുപ്പിൻ വാറതഴിപ്പാൻ ഞാനയോഗ്യൻ- പാവകനാലും പാവനറൂഹായാലുമിവൻസ്നാനം നൽകും.

വിശന്നിരിക്കുന്നവരെ അവൻ ഉത്തമ സാധനങ്ങൾകൊണ്ടു തൃപ്തിപ്പെടുത്തുകയും ധനികന്മാർരെ വെറുതെ പറഞ്ഞയക്കുകയും ചെയ്തു. നമ്മുടെ പിതാക്കന്മാരായ അബ്രാമിനോടും സന്താനങ്ങളോടും അരുളിച്ചെയ്ത പ്രകാരം

ദനഹാ

അവൻ സ്വകരുണയെ സദാ അനുസ്മ
രിച്ചുകൊണ്ട് തന്റെ ദാസനായ ഇസ്രാ
യേലിനെ സഹായിച്ചു.

ബറെക്മോർ–ശുബഹോ...

മെനഓലം...

നൽകീ സഭയിതിനീശോരാജാവതിഗഹന
മതാമഭിഷേകത്തെ ജീവപ്രദനാം പാവനറൂഹാ
യാൽ–നദിയോർദാനുടെ വിമലജലത്തിലവൻ തിരുസ
ഭയുടെ മലിനതപോക്കി–വഞ്ചതിയേറും വൈരിബ
ലത്തിനു ലജ്ജയുമപജയവും ചേർത്തിട്ടേകി സഭ
യ്ക്കായ് വാഗ്ദത്തമതാം ശാശ്വതജീവൻ.

ശുശ്രൂഷക്കാരൻ– സ്തൌമെൻകാലോസ്– കുറിയേ...

പ്രുമിയോൻ

അനാദ്യന്ത സ്വയംഭൂവും എപ്പോഴും
ഉണ്ടായിരുന്നവനും ഉള്ളവനും സദാ പ്രകാശമയനും
സകല വിവേകപ്രകൃതികളും തന്നാൽ പ്രകാശിപ്പി
ക്കപ്പെട്ട് തന്റെ സ്വാഭാവികസ്നേഹത്താൽ തങ്ക
ലേയ്ക്കു തിരിയുന്നവനും സകലത്തേക്കാളും
തേജസ്വിയും നന്മകളുടെ ഉറവയും ബലവാനും അഗ
മ്യസൌഭാഗ്യശാലിയും രാജാധിരാജാവും
കർത്താധികർത്താവും അധികാരികളുടെ

അധികാരിയും സാരാംശത്തിന്റെയും മഹത്വത്തിന്റെയും ഏകത്വത്തിൽ ഭൗമികരാലും സ്വർഗ്ഗീയ ഗണങ്ങളാലും മൂന്നു വിശുദ്ധ ക്നൂമാകളായി സ്തുതിച്ച് സ്തോത്രം ചെയ്യപ്പെടുന്നവനും ആയ കർത്താവിനു സ്തുതി. തനിക്കു വെള്ളം ശുദ്ധീകരിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും സമയങ്ങളിലും നേരങ്ങളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുലഹൂൻ...

## സെദറാ

സകലത്തിന്റെയും സൃഷ്ടാവും ദൃശ്യങ്ങളും അദൃശ്യങ്ങളുമായ സൃഷ്ടികളുടെ നിർമ്മിതാവും ആയ ദൈവമായ കർത്താവേ! സ്വർഗ്ഗീയ സൈന്യങ്ങൾക്കുവേണ്ടി പ്രകാശ വാസസ്ഥലം നീ ഒരുക്കി. തിരുവിഷ്ടംതോന്നി രണ്ടാം ലോകത്തേയും നീ സ്ഥാപിച്ചു. സകലതും പ്രകാശത്താൽ നിറയുവാൻ വേണ്ടി പ്രകാശം മുതൽ നീ സൃഷ്ടി ആരംഭിച്ചു. ആകാശത്തെ ഒരു തട്ടുപോലെ വിരിച്ചിട്ട് നക്ഷത്രങ്ങളുടെ ഭംഗിയാൽ അതിനെ നീ അലങ്കരിച്ചു. നിന്റെ ആസ്ഥാനം വെള്ളത്തിൽ നീ സ്ഥാപിക്കുകയും നിന്റെ രഥത്തെ മേഘങ്ങളിന്മേൽ ഉറപ്പിക്കയും ചെയ്തു. സൂക്ഷ്മതയോടുകൂടി

വെള്ളത്തിന്മേൽ നീ ഭൂമിയ്ക്കു അടിസ്ഥാനമിടുകയും വിവധപുഷ്പങ്ങളാൽ അതിനെ ശ്രേഷ്ഠമാക്കുകയും ചെയ്തു. അതിലെ വിവിധഫലവർഗ്ഗങ്ങളെ അന്തരീക്ഷത്തിൽ നിന്നുള്ള ജലത്താൽ നീ സംരക്ഷിക്കുന്നു. നിത്യവുമുള്ള ഒഴുക്കുകളാലും നദീജല പ്രാവാഹങ്ങളാലും ഭൂമുഖത്തെ നീ നനയ്ക്കുന്നു. നിന്റെ സൃഷ്ടിയുടെ സകലവിധ വ്യാപരത്തിനും വേണ്ടി ജീവസംരക്ഷകമായ പോഷകശക്തി അതിന്റെ ഫലവർഗ്ഗങ്ങൾക്കു നീ നല്കുന്നു. നിന്റെ രൂപത്തിലും സാദൃശ്യത്തിലും നീ സൃഷ്ടിച്ച മനുഷ്യനെ നിന്റെ സൃഷ്ടികളുടെ രാജാവായി നീ നിയമിച്ചു. അലസതമൂലം അവൻ ഈ വിശിഷ്ടദാനത്തിൽ നിന്ന് നിപതിച്ചുപോയപ്പോൾ അവനിൽ പറ്റിയ മാലിന്യത്തെ രണ്ടാം ജനനം മുഖാന്തിരം കഴുകിക്കളഞ്ഞുകൊണ്ട് ജഡപ്രകാരമുള്ള നിന്റെ വരവാൽ വീണ്ടും ദൈവിക പദവിയിലേക്കു അവനെ നീ പുനരാനയിച്ചു. ഇപ്പോൾ കർത്തവെ! ഈ സന്ദർഭത്തിലേക്ക് ഞങ്ങളെ നീ ആനയിച്ചിരിക്കുന്നതിനാൽ ഞങ്ങളുടെ ആത്മാക്കളിൽനിന്നു അജ്ഞാനാന്ധകാരത്തെ നീക്കിക്കളഞ്ഞുകൊണ്ട് ഞങ്ങളുടെ കൂടെയും ഞങ്ങളുടെ ഇടയിലും നീ സ്ഥിതിചെയ്യണമെ. സംപൂർണ്ണവും അപ്രമേയവുമായ ത്രിത്വത്തിന്റെ മൂന്നംശങ്ങളടങ്ങിയിരിക്കുന്ന ആ പ്രകാശത്തിലേക്കു തെറ്റുകൂടാതെ ഞങ്ങളെ നയിച്ചുകൊണ്ട് ലോകാതീതമായ ആ പ്രകാശത്താൽ

ഞങ്ങളെ നിറയ്ക്കണമെ. നിന്റെ കിരണങ്ങളാൽ ഞങ്ങളുടെ മനോനയനങ്ങളെ പ്രശോഭിപ്പിച്ചുകൊണ്ട് ഞങ്ങളെ പ്രകാശസന്താനങ്ങളാക്കിത്തീർക്കണമെ. സകലത്തിലും വിശുദ്ധനായ നിന്റെ റൂഹായുടെ ആവാസത്താൽ ഈ വെള്ളത്തെ വൈദ്യത്തിന്റെ ഉറവയായി രൂപാന്തരപ്പെടുത്തേണമെ. ഇതിൽ നിന്ന് പ്രാപിക്കുന്ന സകലർക്കും സഹായം ലഭിക്കത്തക്കവണ്ണം പരിശുദ്ധമായ ദാനങ്ങളാൽ ഇതിനെ നിറയ്ക്കണമെ. ഞങ്ങളെല്ലാവരെയും നിന്ദ്യവികാരങ്ങളിൽ നിന്ന് സ്വതന്ത്രരാക്കണമെ. ഞങ്ങളിലുള്ള സകല മാലിന്യവും അഴുക്കും നീ നീക്കിക്കളഞ്ഞ് ഹിമത്തേക്കാൾ വിശിഷ്ടമായി ഞങ്ങളെ ധവളീകരിക്കണമെ. അങ്ങിനെ ഞങ്ങൾ നിർമ്മലരും പ്രാകാശത്തിനർഹരും ആയി ഭവിക്കുമാറാകണമെ. ഞങ്ങൾ പരിപൂർണ്ണമായി ശോഭിച്ച് ദൈവസദൃശ്യന്മാരായിത്തീർന്ന് മുഖപക്ഷമില്ലാത്ത നിന്റെ ന്യായാസനത്തിൻ മുമ്പാകെ ധൈര്യസമേതം നിലകൊള്ളുകയും നിന്റെ കരുണയ്ക്കും മനുഷ്യസ്നേഹത്തിനും നിന്റെ ശ്രേഷ്ഠതയുടെ വലതുഭാഗത്തെ നിലക്കും അർഹരായിത്തീരുകയും ചെയ്യണമെ. നീ ദൈവീകദാനങ്ങൾ വിതരണം ചെയ്യുന്നവനാണല്ലോ. സ്വർഗ്ഗീയരും ഭൗമികരുമായ സകല സൃഷ്ടികളിൽനിന്നും നിനക്കും നിന്റെ പിതാവിനും ജീവനുള്ള വിശുദ്ധ റൂഹാക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ഹോശോ...



ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ. ആമ്മീൻ.

(കൂക്കോയൊ)

ചേർത്തു-സലിലം യോഹന്നാൻ സ്നാന-ത്തിന്നായ്
മുങ്ങി-ശുദ്ധീകരണം ചെയ്തിനുള്ളിൽ മ-ശിഹാ
നീരിൽ നിന്നും-തീരത്തേറുമ്പോൾ
അവനേ മാനി-ച്ചവനിയുമംബരവും
കതിരോ-ൻ കതിരുകൾ ചായിച്ചു താര-കൾ-കൂ-പ്പി
ആറ്റിൻ-നിരയോടൂറ്റുകളെ വാഴ്ത്തിയ ദൈവ-ത്തെ
ഹാലേലുയ്യാ-ഉഹാലേലുയ്യാ.

നീരാ-ട്ടം മണവാട്ടി കഴിച്ചേറു-ന്നേരം
കാത്ത-ങ്ങവനീശൻ ദാവീദാറ്റരികിൽ നി-ന്നു
വീണയിലേവം-പാടീ;വിമല സഭേ!
അഗതീ! ത്വരിതം-ശ്രീയാർന്നോളേ!നിൻ
രൂപം-ഭൂപതി മോഹിപ്പാൻ പിതൃജന ഗേഹ-ങ്ങൾ
കൈവി-ട്ടീടുക നീ രാജ്ഞീപദമാർജ്ജിച്ച-ല്ലോ
ഹാലേലുയ്യാ-ഉഹാലേലുയ്യാ.
ബാറെക്മോർ-ശുബഹോ...

സ്നാനം-ചെയ്വാൻ സുതനീശൻ യോർദാ-ൻ പൂകി
തീയും-വിറകും കൂടാതെ ജല മുഷ്മളമാ-യി

വൈദികനെപ്പോൽ–വന്നിഹ യൂഹാനോൻ
ഉടയോൻ തലമേൽ–വച്ചൂവലതുകരം
പ്രാവെ–ന്നോണം റൂഹ്ക്കുദിശാ പാറി–ത്താണു
യോർദാ–ൻ നദിയിലെ നീരിന്മേൽ ചെയ്താനാവാ–സം
ഹാലേലൂയ്യാ–ഉഹലേലൂയ്യാ.
മെനഓലം...

പരിശു–ദ്ധൻ പരിശുദ്ധസുതൻ വിമലൻ–ശ്രേഷ്ഠൻ
ദൈവ–ത്തിന്നാദിമവചനം ശുദ്ധി നമുക്കേ–കാൻ
സ്നാനത്തിന്നായ്–വന്നിഹ നമ്മളുടെ
പാപംപോക്കാൻ–സലിലത്തെ വാഴ്ത്തി
സാക്ഷാ–ൽ ദൈവമിവൻ ദോഷം മായി–ക്കുന്നോൻ
സ്തുതിതേ–യോർദാൻസ്നാത്തിൽതിരുഹിതമാർന്നോ–നേ
ഹാലേലൂയ്യാ–ഉഹാലേലൂയ്യാ
മൊറിയോ...

എത്രോ

ഞങ്ങളുടെ പാപപരിഹാരാർത്ഥം മാമൂദീസായ്ക്കായി വന്ന സകലത്തിനും പാപപരിഹാരം നൽകുന്നവനും ഞങ്ങളുടെ നിർമ്മലീകരണത്തിനുവേണ്ടി സ്നാത്തിനെഴുന്നള്ളിയ സകലത്തേയും ശുദ്ധീകരിക്കുന്നവനുമായ കർത്താവെ! തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിരിക്കുന്ന ഈ സുഗന്ധധൂപം മൂഖാന്തിരം വിശുദ്ധ സഭയ്ക്കാകമാനം നീ പാപപരിഹാരം നൽകണമെ. നിന്റെ ഇടവകയിലെ ആടുകളെ വിശുദ്ധീകരിക്കേണ

മെ. നിന്റെ വിശുദ്ധ മാമൂദീസായാൽ മാമൂദീസായുടെ സകല മക്കളേയും കാത്തുകൊള്ളണമെ. ഞങ്ങൾ സന്തോഷത്തോടും ആനന്ദത്തോടും കൂടി ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ.....

(സുമ്മോറൊ)

സാഗരമെ! എന്തിനു നീ പാഞ്ഞു
യോർദാനെ! എന്തിനു നീ പിൻവാങ്ങി?

വായനകൾ:- സംഖ്യാ 20: 1-11.
2.രാജാ 3: 19-25.
ഏശായാ 22: 1-16.
പ്രക്സീസ് 8: 35-40
എബ്രാ 10: 15-25.

(പെത്ഗോമൊ)

ഹാലേലൂയ്യാ ഉഹാലേലൂയ്യാ-നിന്നെ ദർശിച്ചു ജലം ദേവേശാ! നിന്നെ ദർശിച്ചുജലം ഭീയാർന്നു- ഹാലേലൂയ്യാ.

ഏവൻഗേലിയോൻ യോഹന്നാൻ 4: 4-42.

അദ്ദേഹത്തിനു ശെമറീനിൽകൂടി-കടന്നു-പോകേണ്ടിയിരുന്നു. അദ്ദേഹം ശെമറീൻകാരുടെ "ശോഖാർ"എന്നു വിളിക്കപ്പെടുന്ന പട്ടണത്തിൽ ചെന്നു.

ഇതു യാക്കോബ് സ്വപുത്രനായ യൊസേപ്പിനു നൽകിയിരുന്ന ഗ്രാമത്തിനടുത്തുള്ളതായിരുന്നു. അവിടെ യാക്കോബിന്റെ ഒരു കിണർ ഉണ്ടായിരുന്നു. യേശു യാത്രാക്ലേശംകൊണ്ട് വിഷമിച്ച് ആ കിണറിന്റെ അരികെ ഇരുന്നു. സമയം ആറുമണിയായിരുന്നു. ശെമറീനിൽ നിന്ന് ഒരു സ്ത്രീ വെള്ളംകോരുവാൻ വന്നു. യേശു അവളോട് "എനിക്കു കുടിപ്പാൻ വെള്ളംതരിക" എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ ആകട്ടെ ഭക്ഷണസാധാനം വാങ്ങുവാനായി പട്ടണത്തിലേയ്ക്കു പോയിരിക്കുകയായിരുന്നു. ആ ശെമറീൻകാരിയായ സ്ത്രീ അദ്ദേഹത്തോട് പറഞ്ഞു. "അങ്ങ് യീഹൂദനായിരിക്കെ ശെമറീൻകാരിയായ എന്നോടു വെള്ളം ചോദിക്കുന്നതെന്താണ്. യീഹൂദന്മാർക്കു ശെമറീൻകാരോടു സമ്പർക്കമില്ലല്ലൊ ". യേശു അവളോടു "ദൈവത്തിന്റെ ദാനവും, "എനിക്കു കുടിപ്പാൻ (വെള്ളം) തരിക''എന്നു ചോദിച്ചവൻ ആരാണെന്നുള്ളതും അറിഞ്ഞിരിന്നുവെങ്കിൽ നീ(തന്നെ) അദ്ദേഹത്തോടു ചോദിക്കുകയും അദ്ദേഹം നിനക്കു ജീവജലം നൽകുകയും ചെയ്യുമായിരുന്നു" എന്നു പറഞ്ഞു. ആ സ്ത്രീ അദ്ദേഹത്തോടു "പ്രഭോ! അങ്ങയുടെ പക്കൽ കോരുവാനുള്ള പാത്രം ഇല്ലല്ലൊ. കിണറു ആഴമുള്ളതും ആകുന്നു. (പിന്നെ) ജീവജലം അങ്ങേക്കു എവിടെനിന്നു [കിട്ടും]. ഞങ്ങളുടെ പിതാവായ യാക്കൂബിനെക്കാൾ അങ്ങു വലിയവനോ? അദ്ദേഹമാകുന്നു ഈ കിണർ ഞങ്ങൾക്കു തന്നത്. അദ്ദേ

ഹവും അദ്ദേഹത്തിന്റെ മക്കളും അദ്ദേഹത്തിന്റെ ആടുമാടുകളും ഇതിൽനിന്നാണ് വെള്ളം കുടിച്ചതും" എന്നു പറഞ്ഞു. യേശു അവളോട് "ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹമുണ്ടാകും. എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളമാകട്ടെ കുടിക്കുന്ന യാതൊരുവനും പിന്നെയൊരിക്കലും ദാഹമുണ്ടാകയില്ല. എന്നാൽ കൊടുക്കപ്പെടുന്ന ജലം അവനിൽ നിത്യജീവനെ ഉല്പാദിപ്പിക്കുന്ന നീരുറവയായിത്തീരും" എന്നു പറഞ്ഞു. ആ സ്ത്രീ അദ്ദേഹത്തോട് "പ്രഭോ! എനിക്കു ഇനി ദാഹിക്കാതെയും; ഇവിടെ നിന്നു എനിക്കു വെള്ളം കോരുവിൻ ഇടയാകാതെയും ഇരിപ്പാനായിട്ട് ആ വെള്ളം എനിക്കു തരണമെ!" എന്നു പറഞ്ഞു. യേശു അവളോട് "നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക"എന്നുപറഞ്ഞു അവൾ അദ്ദേഹത്തോട് "എനിക്കു ഭർത്താവില്ല" എന്നു പറഞ്ഞു. യേശു അവളോടു "എനിക്കു ഭർത്താവില്ലെന്ന് നീ പറഞ്ഞതു ശരി. എന്തെന്നാൽ അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിട്ടുണ്ട്. ഇപ്പോൾ നിനക്കുള്ളവൻ നിന്റെ ഭർത്താവല്ല. ഈ സത്യമാണ് നീ പറഞ്ഞത്" എന്നു പറഞ്ഞു. ആ സ്ത്രീ അദ്ദേഹത്തോട് " പ്രഭോ! അങ്ങ് ഒരു ദീർഘദർശിയാണെന്ന് എനിക്കു തോന്നുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിലാണു [ദൈവാ] രാധന നടത്തിയത്. ആരാധന ചെയ്യേണ്ടസ്ഥലം ഊർശ്ലേമിലാണെന്ന് നിങ്ങളും പറയുന്നു"എന്നു പറഞ്ഞു. യേശു അവളോടു ഇപ്രകാരം

...ഞ്ഞു. "സ്ത്രീയേ എന്നെ വിശ്വസിക്കുക. പിതാവിനെ ആരാധിക്കേണ്ടത് ഈ മലയിലുമല്ല ഊർശ്ലേമിലുമല്ല എന്നു വരുന്ന ഒരു സമയം വരും. നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. എന്നാൽ ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ രക്ഷ യീഹൂദന്മാരിൽ നിന്നാകുന്നു ഉണ്ടാകുന്നത്. എങ്കിലും യഥാർത്ഥ ആരാധകന്മാർ പിതാവിനെ ആത്മാവുകൊണ്ടും സത്യം കൊണ്ടും ആരാധിക്കുന്ന സമയം വരുന്നു. അതു ഇപ്പോൾ തന്നെയുമാകുന്നു. പിതാവ് ഇങ്ങനെയുള്ള ആരാധകന്മാരെയാണ് ആവശ്യപ്പെടുന്നത് എന്തു കൊണ്ടെന്നാൽ ദൈവം ആത്മാവാകുന്നു. അദ്ദേഹത്തെ ആരാധിക്കുന്നവർ ആത്മാവുകൊണ്ടും സത്യംകൊണ്ടും ആരാധിക്കേണ്ടതാകുന്നു." ആ സ്ത്രീ അദ്ദേഹത്തോടു "മിശിഹാവരുമെന്നും അദ്ദേഹം വരുമ്പോൾ സകലവും ഞങ്ങളെ പഠിപ്പിക്കുമെന്നും എനിക്കറിയാം" എന്നു പറഞ്ഞു. യേശു അവളോടു "നിന്നോടുസംസാരിക്കുന്ന ഞാൻതന്നെയാകുന്നു അദ്ദേഹം" എന്നു പറഞ്ഞു. അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കെ ശിഷ്യന്മാർ വന്നു; അദ്ദേഹം ആ സ്ത്രീയോടു സംസാരിക്കുന്നതിനെക്കുറിച്ച് അവരാശ്ചര്യപ്പെട്ടു. എങ്കിലും അങ്ങ് എന്തന്വേഷിക്കുന്നു എന്നോ അവളോടു സംസാരിക്കുന്നത് എന്താണെന്നോ ഒരുവനും ചോദിച്ചില്ലാ. ആ സ്ത്രീ അവളുടെ കുടം [അവിടെ] വച്ചിട്ട് പട്ടണത്തിൽ ചെന്ന് ആളുക

ളോട് -"ഞാൻ ചെയ്തിട്ടുള്ള സകലവും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ കാണുവിൻ. പക്ഷെ അദ്ദേഹം മിശിഹാ ആയിരിക്കാം "എന്നു പറഞ്ഞു. ആളുകൾ പട്ടണത്തിൽ നിന്ന് പുറപ്പെട്ട് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. ഇതിനിടയിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ "ഗുരോ; ഭക്ഷിച്ചാലും" എന്നു പറഞ്ഞു. അദ്ദേഹം അവരോടു "നിങ്ങൾക്കറിഞ്ഞുകൂടാത്ത ഭക്ഷ്യം എനിക്കു ഭക്ഷിപ്പാനുണ്ട് " എന്നു പറഞ്ഞു. "അദ്ദേഹത്തിനു ഭക്ഷിപ്പാനായി ആരെങ്കിലും എന്തെങ്കിലും കൊണ്ടുവന്നിരിക്കാം" എന്നു ശിഷ്യന്മാർ പരസ്പരം പറഞ്ഞു. യേശു അവരോടു (ഇപ്രകാരം) പറഞ്ഞു."എന്റെ ആഹാരം എന്നെ അയച്ചവന്റെ ഇഷ്ടത്തെ ആചരിക്കയും അദ്ദേഹത്തിന്റെ കർമ്മത്തെ നിവർത്തിക്കയും ആകുന്നു. നാലുമാസങ്ങൾക്കു ശേഷം കൊയ്ത്തു (കാലം) ആകും എന്നു നിങ്ങൾ പറയുന്നില്ലയൊ?" നിങ്ങൾ കണ്ണുയർത്തി പണ്ടേതന്നെ വിളഞ്ഞ് കൊയ്ത്തിനടുത്തിരിക്കുന്ന വയലുകളെ ഇതാ കാണുവിൻ എന്ന് ഞാൻ നിങ്ങളോടു പറയുന്നു. കൊയ്യുന്നവൻ പ്രതിഫലം പ്രാപിക്കുന്നു. നിത്യജീവങ്കലേക്കു ഫലങ്ങളെ ശേഖരിക്കയും ചെയ്യുന്നു. വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ച് സന്തോഷിക്കുന്നു. വിതയ്ക്കുന്നതൊരുവൻ; കൊയ്യുന്നത് മറ്റൊരുവൻ എന്നുള്ളത് യഥാർത്ഥമാണ്. നിങ്ങളുടെ ആയാസം കൂടാതെ ഉണ്ടായിട്ടുള്ളതിനെ കൊയ്യുവാൻ ഞാൻ നിങ്ങളെ അയച്ചു.മറ്റുള്ളവർ ആയാസപ്പെട്ടു. അവരുടെ ആയാസ(ഫല)ത്തിൽ നിങ്ങൾ പ്രവേശിച്ചിരിക്കുന്നു". " ഞാൻ ചെയ്തിട്ടുള്ള

സകലവും അദ്ദേഹം എന്നോടു പറഞ്ഞു" എന്ന് സാക്ഷ്യം നൽകിയ ആ സ്ത്രീയുടെ വാക്കു നിമിത്തം ആ പട്ടണക്കാരായ അനേകം ശെമറീൻകാർ അദ്ദേഹത്തിൽ വിശ്വസിച്ചു. ആ ശെമറീൻകാർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് തങ്ങളോടുകൂടി താമസിക്കണമെന്നു-അദ്ദേഹത്തോടപേക്ഷിച്ചു. രണ്ടു ദിവസം അദ്ദേഹം അവരുടെ അടുക്കൽ താമസിക്കുകയും ചെയ്തു. അദ്ദേഹത്തന്റെ വചനം നിമിത്തം അനേകർ അദ്ദേഹത്തിൽ വിശ്വസിച്ചു. അവർ ആ സ്ത്രീയോടു " ഇനി നിന്റെ വാക്കു നിമിത്തമല്ല ഞങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുന്നത് സത്യമായിട്ടു ലോകരക്ഷിതാവായ മിശിഹാ ഇദ്ദേഹം തന്നെ എന്നു ഞങ്ങൾ കേൾക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" എന്നു പറഞ്ഞു.

### പ്രധാന ശെമ്മാശൻ പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്നുകൊണ്ട് ലുത്തിനിയാ

നാമെല്ലാവരും ഉത്സാഹപൂർവ്വം നന്നായിനിന്നു കൊണ്ട് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്നു ഏറ്റുചൊല്ലണം.

ജനം– കുറിയലായിസ്സോൻ.

അവർണ്ണനീയ രഹസ്യങ്ങളുടെ അഗാധതലമായ മശിഹാതമ്പുരാനേ! മനുഷ്യസ്നേഹത്തോടെ നീ ഭൂമിയിൽ പ്രത്യക്ഷനാവുകയും മനുഷ്യരോടു സഹവസിക്കുകയും ചെയ്തതിനാൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം– കുറിയേലായിസ്സോൻ.

തന്റെ ദൈവത്വത്തിന്റെ മഹനീയ കിരണങ്ങളാൽ ഭൂതലത്തെ പ്രകാശിപ്പിക്കുകയും അതിലെ വിശുദ്ധ ജലത്തിൽ പിശാച്ഗണത്തെ മുക്കിക്കൊന്ന് ഞങ്ങളുടെ പാപങ്ങളെ മായിച്ചുകളകയും ചെയ്തവനായ മിശിഹാ തമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം- കുറിയേലായിസ്സോൻ.

കയ്പായ ജലത്തെ മോശമുഖാന്തിരം മരത്താൽ രുചികരമാക്കിത്തീർത്തവനും വെള്ളം നിന്നെ സ്വീകരിച്ചതിനാൽ വെള്ളത്തിന്റെ പ്രകൃതിയെ പരപൂർണ്ണമായി അനുഗ്രഹിച്ചവനും ഉറവകളുടെ സൃഷ്ടാവും അവയെ ശുദ്ധീകരിക്കുന്നവനും ആയ ദൈവമെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം- കുറിയേലായിസ്സോൻ.

ദുഷിച്ച ജലത്തെ ഏലീശാ ദീർഘദർശി മുഖാന്തിരം ഹിതകരമാക്കിത്തീർത്തവനും ഇപ്പോൾ തന്റെ മഹാ ജ്ഞാനത്താൽ തന്നിൽനിന്നുള്ള സ്വസ്ഥതയും വെടിപ്പും ഞങ്ങളുടെ ആത്മാക്കൾക്കു സദാ നൽകിക്കൊണ്ടിരിക്കുന്നവനും ആയുള്ളോവെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം- കുറിയേലായിസ്സോൻ.

സർവ്വലോകത്തിന്റെയും നിരപ്പിനും സമാധാനത്തിനും വേണ്ടിയും പുണ്യവാന്മാരും ബഹുമാന്യരും ഭാഗ്യവാന്മാരും ഞങ്ങളുടെ പിതാക്കന്മാരും പാത്രിയർക്കീസന്മാരുമായ ആബൂൻ മാർ ഇഗ്നാത്തിയോസിനും മോർ ബസ്സേലിയോസിനും മാർ ഗ്രീഗോറിയോസിനും വേണ്ടിയും ഞങ്ങളുടെ മല്പട്ടക്കാരനായയ മാർ.... വേണ്ടിയും സത്യവിശ്വാസികളായ ശേഷമുള്ള സകല എപ്പി

സ്ക്കോപ്പന്മാർക്കു വേണ്ടിയും അവരുടെ ആചാര്യത്വ ഇടവകകൾക്കുവേണ്ടിയും ഉപദ്രവങ്ങളിൽ നിന്നുള്ള അവയുടെ കാവലിനുവേണ്ടിയും വിശ്വാസികളും അധികാരം വഹിച്ചിരിക്കുന്നവരുമായ രാജാക്കന്മാരുടെ സംരക്ഷണത്തിനുവേണ്ടിയും ദൈവമാതാവായ മറിയാമിന്റെയും പരിശുദ്ധന്മാരുടെയും വിശ്വാസികളായ മരിച്ചുപോയവരുടെയും ഓർമ്മയ്ക്കുവേണ്ടിയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം - കുറിയേലായിസ്സോൻ.

വിശുദ്ധ ത്രിത്വത്തിൽ ഒരുവനും ഞങ്ങളുടെ യഥാർത്ഥദൈവവുമായ മിശിഹാ! പ്രകാശമുള്ള ഈ മഹനീയ ദിവസത്തിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും നിന്റെ ശ്രേഷ്ഠജ്ഞാനത്താൽ ഞങ്ങളുടെ ആത്മാക്കളെ ശോഭിപ്പിക്കുകയും നിന്നോടുള്ള ഭക്തിയിലും ആകെൽക്കറുസ്സായെ ലജ്ജിപ്പിക്കയും മാലാഖമാരെ സന്തോഷിപ്പിക്കുകയും ചെയ്യുന്ന പരസ്പര സ്നേഹത്തിലും ഞങ്ങളുടെ ഹൃദയങ്ങളെ ഉറപ്പിക്കുകയും ഞങ്ങളുടെ വംശത്തോടുള്ള നിന്റെ നൽവരങ്ങൾക്കും സഹായങ്ങൾക്കും ഞങ്ങളെ അർഹരാക്കിത്തീർക്കുകയും ചെയ്യണമെ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം -കുറിയേലായിസ്സോൻ.

കർത്താവെ! ഞങ്ങളെ ചെവിക്കൊണ്ട് ഉത്തരമരുളി ദയവുതോന്നി ഞങ്ങളിൽ കരുണ ചെയ്യണമെ. നാം മൂന്നു പ്രവശ്യം കുറിയേലായിസ്സോൻ എന്നു ഏറ്റുചൊല്ലണം.

ജനം- കുറിയേ... കുറിയേ... കുറിയേ...

ശുശ്രൂഷക്കാരൻ- സ്തൌമെൻകാലോസ്.

ജനം-കുറിയേ...

MALANKARA ORTHODOX

SYRIAN SONGS

പട്ടക്കാരൻ പ്രുമിയോൻ

വഴിതെറ്റിപ്പോയിരുന്ന ജാതികളെ മുഴുവനും നമ്മുടെ അടുക്കലേക്കുള്ള തന്റെ ആഗമനത്താലും ദൈവികസ്നാനത്താലും പ്രകാശിപ്പിക്കയും വിശുദ്ധ ത്രിത്വത്തിന്റെ ത്രിവിധശോഭകളോടുകൂടിയ പ്രകാശത്താൽ ദൈവികമായ ആരാധനയിലേക്കു അവരെ പുനരാനയിക്കയും ചെയ്ത നമ്മുടെ ദൈവവും രക്ഷകനുമായ യേശുമിശിഹായ്ക്കു സ്തുതി. തനിക്കു ഈ സമയത്തും.... സ്തുതിയും ബഹുമാനവും യോഗ്യവുമാകുന്നു. ബ്കുൽഹൂൻ...

സെദറാ

അനാദ്യന്തപ്രകാശവും പിതാവിന്റെ പുത്രനും വചനവുമായ മിശിഹാ! പൂർവ്വകാലത്ത് അന്ധകാരത്തിലും മരണനിഴലിലും സ്ഥിതിചെയ്തിരുന്ന ഞങ്ങൾക്കു നീ രക്ഷകനും ഉദ്ധാരകനുമായി പ്രകൃതിയ്ക്കപ്പുറമായ മറ്റൊരുപ്രമാണത്താൽ കാലപൂർണ്ണതയിൽ കന്യകയുടെ മടിയിൽ നിന്ന് ഉദയം ചെയ്തു. മുന്നാലോചനപ്രകാരം ഭൂമുഖത്തെ നനയ്ക്കുവാൻ വേണ്ടി നാലു നദികളിലായി വിഭജിക്കപ്പെടുന്ന ഒരുറവ ഭൂമിയിൽനിന്നുളവാകുവാൻ നീ കല്പിച്ചു. കാലാവസാനത്തിൽ സുവിശേഷപ്രസംഗമാകുന്ന പ്രവാഹത്താൽ ഭൂതലാതൃത്തികളെ നീ മൂടി. മരണകരമായ വെള്ളത്താൽ ദുഷ്ടന്മാരുടെ അഹങ്കാരത്തെ

നീതിയോടെ നീ ശമിപ്പിച്ചു. ദിവ്യജ്ഞാനശ്രോതാക്കളിൽ രോമക്കെട്ടിന്മേൽ മഴ എന്ന വിധം ഇറങ്ങിക്കൊണ്ട് സമുദ്രങ്ങളെ നീ മൂടി. ചെങ്കടലിനെ വടിയുടെ അടിയാൽ വിഭജിക്കുകയും വാഗ്ദത്തദേശത്തേക്കു ബദ്ധപ്പെട്ടോടിക്കൊണ്ടിരുന്ന ജനത്തെ കരയിൽ കൂടി എന്നവിധം നീ കടത്തിവിടുകയും ചെയ്തു. അഹങ്കാരികളായ ഫെറഓനേയും സൈന്യങ്ങളേയും ആഴത്തിലേക്കു തള്ളിവിട്ടു. ഞങ്ങളെയാകട്ടെ സമുദ്രത്തിലെ ദുഃഖജനകമായ ഓളങ്ങളിൽ നിന്നെന്നവിധം പിശാചുക്കളുടെ കഠിനതയിൽനിന്ന് നീ സ്വാതന്ത്ര്യപ്പെടുത്തി. ദാഹിച്ചിരുന്ന ജനത്തിനു നിന്റെ ഇഷ്ടനായ മോശ മുഖാന്തിരം പാറയിൽനിന്ന് നീ വെള്ളം നൽകി. തന്നിൽ വിശ്വസിക്കുന്നവരുടെ ഉദരത്തിൽ നിന്ന് ജീവജല വാഹികളായ നദികളെ പ്രവഹിപ്പിക്കുന്ന യഥാർത്ഥമായ പാറ നീയാകുന്നു. കർത്താവെ! നീ വെള്ളത്തിന്റെ കയ്പുരസത്തെ മരക്കൊമ്പിട്ട് മധുരരസമുള്ളതായി മാറ്റി. ബഹുമാന്യമായ നിന്റെ സ്ലീബായിൽ വച്ച് തിരുവിലാവിൽനിന്നൊഴുകിയ രക്തവും വെള്ളവും മൂലം വിജാതീയർക്ക് നീ വെടിപ്പുണ്ടാക്കി. ദീർഘദർശിയുടെ പ്രാർത്ഥനയാലും ഉപ്പിനാലും ഈറീഹോയിലെ ജലത്തിന്റെ വിനാശകാവസ്ഥയെ പോഷകാവസ്ഥയിലേയ്ക്കു നീ തിരിച്ചുവരുത്തി; യോർദാനിലേയ്ക്കുള്ള നിന്റെ അവരോഹണത്തെ സൂചിപ്പിക്കുകയും ചെയ്തു. നിന്റെ ജലസ്നാനത്താൽ ആത്മീയനാശത്തിൽ നിന്നുള്ള സ്നാനമെന്ന നിലയിൽ നിന്റെ ദൈവത്വത്തിനു സദൃശ്യമായ ജനനത്തെ നീ നൽകി. കർത്താവെ! ഇപ്പോൾ ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന

ഈ വെള്ളത്തെ ലോകാതീതമായ ആ മൂന്നു പ്രകാശങ്ങളുടെ ത്രിത്വമായ ആഹ്വാനം മൂലം സകല സന്തോഷങ്ങളേയും വർദ്ധിപ്പിക്കുന്നതാക്കി തീർക്കണമെ. ഇതിനെ ആശ്വാസ ജലവും സകല പാപമാലിന്യങ്ങളുടെയും നിർമ്മലീകണവും ആത്മശരീരങ്ങൾക്കു വൈദ്യവുമാക്കിത്തീർക്കണമെ. ഈ വെള്ളത്തെ രോഗികളെ സ്വസ്ഥമാക്കുന്നതും വന്ധ്യാത്വത്തെ പരിഹരിക്കുന്നതും ഭവനങ്ങളെ സംരക്ഷിക്കുന്നതും, പിശാച്, കൂരള, അസൂയ, കൊലപാതകം, വിദ്വേഷം, വൈരാഗ്യബുദ്ധി, ക്ഷുദ്രം, ആഭിചാരം, മായാപ്രയോഗം, വിഗ്രഹാരാധന എന്നിവയേയും സകലവിധപൈശാചിക പ്രവർത്തനങ്ങളേയും നിഷ്ക്കാസനം ചെയ്‌വാൻ കഴിവുള്ളതും വായുമണ്ഡലത്തിലെ അപകടങ്ങളെ നീക്കിക്കളയുന്നതും എല്ലാ നാശകരമായ അവസ്ഥാന്തരങ്ങളേയും ബഹിഷ്കരിക്കുന്നതും വിത്തുകളെ വളർത്തുന്നതും മുളകളെ സംരക്ഷിക്കുന്നതും ഫലങ്ങളെ പക്വമാക്കുന്നതും ആക്കിത്തീർക്കണമെ. ഇതിൽ സംബന്ധിക്കുന്ന എല്ലാവർക്കും ഇതു ജീവദായകവും രക്ഷാകരവും ആയി ഭവിക്കേണമെ. നീ നന്മകളും സകല പൂർണ്ണ നൽവരങ്ങളും നൽകുന്നവനും ഞങ്ങളുടെ വർഗ്ഗത്തിന്റെ നാഥനും ഞങ്ങളുടെ സൃഷ്ടിയുടെ സഹായിയും ആകുന്നുവല്ലൊ. നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതികരേറ്റുന്നു. ഹോശോ...

ദൈവത്തിൽ നിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും എന്നേക്കും


IC XC

നാം പ്രാപിക്കുമാറാകട്ടെ. ആമ്മീൻ.

(പട്ടക്കാരൻ ധൂപക്കുറ്റിയിൽ കുന്തുരുക്കമിട്ട്
ധൂപക്കുറ്റി വാഴ്ത്തിക്കൊണ്ട്)

പരിശുദ്ധനായ പിതാവ് പരിശുദ്ധൻ- ആമ്മീൻ.
പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ- ആമ്മീൻ.

ജീവനുള്ള വിശുദ്ധ റൂഹാ പരിശുദ്ധൻ- അവൻ നമ്മുടെ ആത്മാക്കളുടെ മേലും നമ്മുടെ പിതാക്കന്മാരുടെയും സഹോദരന്മാരുടെയും പ്രഭുക്കന്മാരുടെയും ഗുരുക്കന്മാരുടെയും മരിച്ചുപോയവരുടെയും വിശുദ്ധ സഭയുടെ പ്രജകളായ വിശ്വാസികളായ സകല മരിച്ചവരുടെയും ആത്മാക്കളുടെ മേലും രണ്ടു ലോകങ്ങളിലും എന്നന്നേയ്ക്കും ദയാപൂർവം കരുണ ചെയ്തുകൊണ്ട് പാപിയായ തന്റെ ദാസന്റെ ധൂപത്തെ ശുദ്ധീകരിക്കുന്നവനാകുന്നു-ആമ്മീൻ.

ശുശ്രൂഷക്കാരൻ:- ബാറെക്മോർ, നാമെല്ലാവരും ദൈവജ്ഞാനത്തിലേക്കു ശ്രദ്ധ പതിച്ചുകൊണ്ട് നന്നായി നിന്ന് ബഹുമാനപ്പെട്ട പട്ടക്കാരന്റെ പ്രാർത്ഥനയെ ഏറ്റു ചൊല്ലണം.

പട്ടക്കാരൻ- സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടേയും...
കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ...

ശുശ്രൂഷക്കാരൻ; സ്തൌമെൻകാലോസ്
ജനം:- കുറിയേലായിസ്സോൻ.

## പട്ടക്കാരൻ ഒരു പ്രാർത്ഥന

മഹാനും ശ്രേഷ്ഠനും സ്തുതികൾക്കതീതനും ക്രൂബെന്മാരുടെമേൽ ആരൂഢനും സ്രോപ്പേന്മാരാൽ സ്തുതിക്കപ്പെടുന്നവനും മഹനീയങ്ങളും വിസ്മനീയങ്ങളും ശ്രേഷ്ഠങ്ങളും ദുർഗ്രഹങ്ങളും സംഖ്യാതീതങ്ങളുമായ കാര്യങ്ങൾ പ്രവർത്തിച്ചവനും ആയ ദൈവമേ! കയ്പ് രസമുള്ള ജലത്തെ സ്ലീബാമരത്തിന്റെ ദൃഷ്ടാന്തത്താൽ മോശമുഖാന്തിരം നീ രുചികരമാക്കിത്തീർത്ത് ദാഹിച്ചിരുന്ന നിന്റെ ഇസ്രായേൽജനത്തെ നീ കുടിപ്പിച്ചു. ദുഷിച്ചതും ഗുണരഹിതവും വിനാശകരവുമായ വെള്ളത്തെ ഏലീശാ ദീർഘദർശിമുഖാന്തിരം ഈറീഹൂയിൽ വച്ച് പാദർത്ഥമയമായ ഉപ്പുമൂലം നീ ഹിതകരമാക്കിത്തീർത്തു. സ്വർഗ്ഗിയ ഉപ്പാകുന്ന മിശിഹാ തമ്പുരാനേ! നിന്റെ രഹസ്യത്തെ മുൻകൂട്ടിസൂചിപ്പിച്ചുകൊണ്ട് നിങ്ങൾ വർദ്ധിച്ചുപെരുകി ഭൂമിയിൽ നിറയുവിൻ എന്നുള്ള നൽവരം നിന്റെ ജനത്തിനു നീ നൽകി. സകലത്തേയും സൃഷ്ടിച്ച് സന്നദ്ധമാക്കുന്നവൻ എന്ന നിലയിൽ ഗ്ലീലായിലെ കൊത്തിനെയിൽ വച്ച് അവർണ്ണനീയമായ നിന്റെ ജ്ഞാനത്താൽ വെള്ളത്തിന്റെ സ്വഭാവത്തെ നല്ല വീഞ്ഞായിട്ട് നീ രൂപാന്തരപ്പെടുത്തി. യോഹന്നാൻ സ്നാപകനിൽ നിന്നുള്ള നിന്റെ മാമൂദീസാമൂലം യോർദാനിലെ ഒഴുക്കിനെ നീ വിശുദ്ധമാക്കി. കർത്താവെ! ഇപ്പോൾ സ്വർഗ്ഗീയവും ആത്മീയവുമായ

ആ ഉപ്പിന്റെ അനുഗ്രഹവും അദൃശ്യമായ നിന്റെ ശക്തിയും അവർണ്ണനീയമായ നിന്റെ മനുഷ്യപ്രീതിയും നിന്റെ പരിശുദ്ധാത്മാവിന്റെ ആവാസവും മൂലം ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന ഈ വെള്ളത്തെ ആശീർവദിച്ച് + ഇതിൽ നിന്ന് പ്രാപിക്കയും അനുഭവിക്കുകയും ചെയ്യുന്ന സകലർക്കും ശരീരാത്മദേഹികളുടെ സ്വസ്ഥതക്കും വൈദ്യത്തിനും ഇതു പര്യാപ്തമായിത്തീരത്തക്കവണ്ണമുള്ള കൃപയും ശ്കതിയും വിശുദ്ധ റൂഹായുടെ ആചാര്യവ്യാപാരവും ഇതിൽ അയച്ചു തരണമെ. നിനക്കും വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനുമായ നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും യോഗ്യവുമാകുന്നു. ഹോശോ... ആമ്മീൻ.

പട്ടക്കാരൻ

വെള്ളത്തിന്റെ സൃഷ്ടാവും സകലത്തിന്റെയും നിർമ്മിതാവും സകലത്തേയും നിർമ്മിക്കയും വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നവനുമായ കർത്താവെ! നിന്റെ വിശുദ്ധാത്മ ശക്തിയാൽ ഈ വെള്ളത്തെ അനുഗ്രഹിച്ച് സകല പൈശാചിക വ്യാപാരങ്ങൾക്കും എതിരായുള്ള കൃപയും ശക്തിയും ഇതിനു നൽകണമെ. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! പാനം മൂലമൊ തളിപ്പു മൂലമൊ മറ്റേതെങ്കിലും വിധത്തിലൊ ഇതിൽ സംബന്ധിക്കുന്ന എല്ലാവർക്കും നിന്റെയും വാഴ്ത്തപ്പെട്ടവനും

ഭാഗ്യവാനും ഞങ്ങളുടെ രക്ഷക്കായി നിന്നെ അയച്ചുവനുമായ നിന്റെ പിതാവിന്റെയും സകലത്തിലും വിശുദ്ധനും ഉത്തമനും വന്ദ്യനും ജീവൻ നൽകുന്നവനും സാരാംശത്തിൽ നിന്നോടു ഒന്നായിരിക്കുന്നവനുമായ നിന്റെ വിശുദ്ധ റൂഹായുടെയും കൃപയാൽ ആത്മശരീരങ്ങളുടെ സ്വസ്ഥതയും നിന്നിൽനിന്നുള്ള ധാരാളമായ കരുണയും ദുഷ്ടതകളിൽനിന്നുള്ള അകൽച്ചയും ഞങ്ങളുടെ ജീവരക്ഷയും സമാധാനവും നൽകണമെ. ഹോശോ...

പട്ടക്കാരൻ:- നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം:- അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

(പട്ടക്കാരൻ പാത്രത്തിന്മേലുള്ള ശോശപ്പാ എടുത്ത് പാത്രത്തിന്റെയും സ്ലീബായുടെയും മുകളിൽ ആഘോഷിച്ചിട്ട് പാത്രത്തിന്റെ വായിൽ നിന്ന് സ്ലീബാ എടുത്ത് നീക്കുന്നു. പട്ടക്കാരൻ ഇതു ചെയ്യുമ്പോൾ ശുശ്രൂഷക്കാരൻ ചൊല്ലുന്നു.)

ശുശ്രൂഷക്കാരൻ:- ബാറെക്മോർ. നാമെല്ലാവരും ഭക്തിയോടും പരിപാകതയോടും വെടിപ്പോടും വിശുദ്ധിയോടും സ്നേഹത്തോടും സത്യവിശ്വാസത്തോടും കൂടി ഭംഗിയായി നിന്നുകൊണ്ട് ഈ ബഹുമാനപ്പെട്ട പട്ടക്കാരന്റെ കൈകളാൽ അനുഗ്രഹിക്കപ്പെടുന്ന ഈ വെള്ളത്തിൽ ദൃഷ്ടിയുറപ്പിച്ച് അതിനുവേണ്ടി സർവ്വവല്ലഭ

നായ ദൈവത്തിങ്കൽ സമാധാനമായും ശാന്തമായും പ്രാർത്ഥനയും യാചനയും സമർപ്പിക്കണം.

ജനം:– [ഈ ശുശ്രൂഷ] കരുണയും സമാധാനവും വാഴ്വും ആകുന്നു.

(പട്ടക്കാരൻ കുർബാനയിലേപ്പോലെ കുരിശുവരയ്ക്കയും ജനത്തെ അനുഗ്രഹിക്കയും ചെയ്തുകൊണ്ട്)

എന്റെ സഹോദരന്മാരെ! പിതാവായ ദൈവത്തിന്റെ സ്നേഹവും+ ഏകപുത്രന്റെ കൃപയും+ പരിശുദ്ധ റൂഹായുടെ സംബന്ധവും ആവാസവും+ നിങ്ങളെല്ലാവർക്കും എന്നേയ്ക്കുമുണ്ടായിരിക്കട്ടെ. ആമ്മീൻ.

(പട്ടക്കാരൻ കൈ ഉയർത്തിക്കൊണ്ട്)

പ്രാർത്ഥന

കർത്താവെ! നീ മഹാനും നിന്റെ പ്രവർത്തികൾ ഏറ്റം വിസ്മനീയങ്ങളുമാകുന്നു. നിന്റെ അത്ഭുതങ്ങളുടെ മഹിമയെ വർണ്ണിക്കുവാൻ പ്രാപ്തിയുള്ള വചനമില്ല. നിന്റെ ശക്തിയാൽ ശൂന്യതയിൽ നിന്ന് സകലത്തേയും നീ സൃഷ്ടിച്ചു. സൃഷ്ടികളെ നിന്റെ ആധിപത്യത്തിൽ നീ ബന്ധിച്ചിരിക്കുന്നു. ലോകത്തെ നീ ശ്രദ്ധാപൂർവ്വം പോറ്റുന്നു. ചതുർഭൂതങ്ങളെക്കൊണ്ട് അതിനെ നീ സംഘടിപ്പിച്ച് സംവത്സരത്തിന്റെ പരിവർത്തിയെ നാലു ഋതുക്കളാൽ നീ കിരീടമണിയിച്ചു. സ്വർഗ്ഗത്തിലെ അദൃശ്യസൈന്യങ്ങൾ നിന്റെ മുമ്പിൽ വിറയ്ക്കുന്നു. മാലാഖമാരുടെ ഗണ

ങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. റാബേമാലാഖമാരുടെ സംഘങ്ങൾ നിന്നെ - വന്ദിക്കുന്നു. ആറു ചിറകുകളോടുകൂടിയ സ്രോപ്പേന്മാർ പറന്നുകൊണ്ട് നിനക്കു ഹാലേലൂയ്യാപാടുന്നു. വളരെ കണ്ണുകളോടുകൂടിയ ക്രൂബെന്മാർ അഗമ്യമായ സ്തുതികളാൽ നിനക്കു ബ്രീക്കൂയീക്കോറെ പാടുന്നു. സൂര്യൻ നിന്നെ സ്തുതിക്കുന്നു. ചന്ദ്രൻ നിന്നെ പുകഴ്ത്തുന്നു. നക്ഷത്രങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. പ്രകാശം നിന്നെ അനുസരിക്കുന്നു. ആഴങ്ങൾ നിന്റെ മുമ്പിൽ വിറയ്ക്കുന്നു. ഉറവകൾ നിനക്കു ദാസ്യമനുഷ്ഠിക്കുന്നു. ആകാശത്തെ ഒരു തട്ടുപോലെ നീ വിരിച്ചു. ഭൂമിയെ വെള്ളത്തിന്മേൽ നീ സ്ഥാപിച്ചു. സമുദ്രത്തിനു മണലുകൊണ്ട് നീ അതിർത്തിവച്ചു. ശ്വസിക്കുവാൻ പര്യാപ്തമായ നിലയിൽ വായുമണ്ഡലത്തെ നീ വ്യാപിപ്പിച്ചു. നീയോ സംക്ഷേപിക്കപ്പെടുവാൻ പാടില്ലാത്തവനും അനാദിയും വ്യാഖ്യാനാതീതനുമായ ദൈവമായി സ്ഥിതിചെയ്തുകൊണ്ട് ഭൂമിയിൽ പ്രത്യക്ഷപ്പെട്ട് ദാസവേഷം സ്വീകരിക്കയും മനുഷ്യരൂപം പ്രാപിക്കുകയും ചെയ്തു. കർത്താവെ! മനുഷ്യവർഗ്ഗം ആകെൽക്കറുസ്സായാൽ ഉപദ്രവിക്കപ്പെടുന്നത് കാണുവാൻ നിന്റെ മഹാ ദയവു നിമിത്തം നിനക്കു സഹനശക്തിയില്ലായ്കയാൽ നീ വന്നു ഞങ്ങളെ രക്ഷിച്ചു. നിന്റെ കൃപയെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെ കരുണയെ. ഞങ്ങൾ ഉൽഘോഷിക്കുന്നു. ഞങ്ങളുടെ അടുക്കലുള്ള നിന്റെ നല്ല പ്രവർത്തനങ്ങളെ ഞങ്ങൾ മറച്ചുവക്കുന്നില്ല.

നിന്റെ ജനനത്താൽ സ്വാഭാവിക ജനനത്തെ നീ അനുഗ്രഹിക്കുകയും കന്യാവ്രതമുള്ള ഗർഭപാത്രത്തെ ശുദ്ധീകരിക്കുകയും ചെയ്തു. നീ പ്രത്യക്ഷനായപ്പോൾ സകല സൃഷ്ടികളും നിന്നെ സ്തുതിച്ചു. എന്തെന്നാൽ ഞങ്ങളുടെ ദൈവമേ! നീ ഭൂമിയിൽ കാണപ്പെട്ട് മനുഷ്യരോടു സഹവാസം ചെയ്തു. യോർദാൻ പ്രാവാഹത്തെ സ്വർഗ്ഗത്തിൽനിന്ന് നിന്റെ വിശുദ്ധാത്മാവിനെ ആകർഷിച്ചു വരുത്തി നീ ശുദ്ധീകരിക്കയും അവിടെ മറഞ്ഞു കിടന്നമഹാസർപ്പത്തിന്റെ തലയെ മർദ്ദിക്കുകയും ചെയ്തു. മനുഷ്യവത്സലനായ കർത്താവെ; ഇപ്പോൾ നീ വന്ന് വിശുദ്ധ റൂഹായുടെ ആവാസത്താൽ ഈ വെള്ളത്തെ അനുഗ്രഹിക്കണമെ. യോർദാനു ലഭിച്ച കൃപ ഇതിനു നൽകണമെ. ഇതിനെ അനുഗ്രഹങ്ങളുടെ ഉറവയും വിശുദ്ധിയുടെ ദാനവും പാപമോചനപ്രദവുമാക്കിത്തീർക്കണമെ. + ആമ്മീൻ.

ഇതിനെ രോഗശാന്തി നൽകുന്നതും ബലഹീനർക്കു സഹായകരവും പ്രതികൂലസേനകൾക്കു സമീപിച്ചു കൂടാത്തതും ദിവ്യശക്തി നിറഞ്ഞതും ആക്കിത്തീർക്കണമെ. + ആമ്മീൻ.

ഇതിൽനിന്നു പകർന്നെടുക്കുകയും ഇതിൽ സംബന്ധിക്കുകയും ചെയ്യുന്ന സകലർക്കും ഇതു ആത്മശരീരങ്ങളുടെ സ്വസ്ഥതയ്ക്കും വികാരങ്ങളുടെ നിർമ്മലീകരണത്തിനും ഭവനങ്ങളുടെ വിശുദ്ധിക്കും എല്ലാവിധ ഉപദ്രവങ്ങളിൽനിന്നുമുള്ള സംരക്ഷണത്തിനും പര്യാപ്തമായി ഭവിക്കണമെ.+ ആമ്മീൻ.

പാപത്തിൽ തഴമ്പിച്ച ഞങ്ങളുടെ സ്വഭാവത്തെ വെള്ളത്താലും ആത്മാവിനാലും നവീകരിച്ചവൻ നീയാകുന്നുവല്ലൊ. നോഹിന്റെ കാലത്ത് പാപത്തെ വെള്ളംമൂലം മുക്കിക്കളഞ്ഞതും നീയാകുന്നു. എബ്രായവർഗ്ഗത്തെ ഫെറഓന്റെ അടിമത്വത്തിൽ നിന്ന് സമുദ്രജലംമൂലം നീ വിമുക്തമാക്കി. ബാലിന്റെ മാർഗ്ഗഭ്രംശത്തിൽ നിന്ന് ഇസ്രായേലിനെ ഏലിയാ ദീർഘദർശിമുഖാന്തിരം അഗ്നിയാലും വെള്ളത്താലും രക്ഷിച്ചതും നീയാകുന്നു. കർത്താവെ! ഇപ്പോൾ നിന്റെ കൃപമൂലം ഈ വെള്ളത്തെ നീ ആശീർവദിച്ച് ഇതിൽ സ്പർശിക്കുകയൊ അനുഭവിക്കുകയൊ ഏതെങ്കിലും വിധത്തിൽ യഥാർത്ഥമായ വിശ്വാസപൂർവ്വം ഇതുകൊണ്ടുപയോഗിക്കുകയൊ ചെയ്യുന്ന സകലർക്കും അനുഗ്രഹവും+ വിശുദ്ധിയും വെടിപ്പും സ്വസ്ഥതയും സുഖവും ആശ്വാസവും+ ധൈര്യവും സഹായവും ആത്മീയവും ശാരീരികവുമായ ദുർവികാരങ്ങളിൽ +നിന്നുള്ള സ്വാതന്ത്ര്യവും നൽകണമെ. ആമ്മീൻ.

ഞങ്ങളുടെ ദൈവമെ! സകലത്തിലും ബഹുമാന്യവും അനുഗ്രഹീതവുമായ നിന്റെ നാമവും പിതാവിന്റെയും വിശുദ്ധ റൂഹായുടെയും നാമവും ആദിഭുതങ്ങളാലും മനുഷ്യരാലും മാലാഖമാരാലും ദൃശ്യങ്ങളാലും അദൃ

ശൃങ്ങളാലും മഹത്വീകരിക്കപ്പെടുമാറാകണമെ. ഹോശോ... ആമ്മീൻ.

(പട്ടക്കാരൻ പാത്രത്തിന്മേൽ വലതുകൈ ആവ സിപ്പിച്ച് മൂന്നു പ്രാവശ്യം റൂശ്മാചെയ്യുന്നു.)

പിതാവിന്റെയും+ പുത്രന്റെയും+ വിശുദ്ധ റൂഹായുടെയും+ നാമത്തിൽ നിത്യജീവനായി ഈ വെള്ളം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ആമ്മീൻ.

(പട്ടക്കാരൻ പാത്രത്തിന്റെ വായിൽ വീണ്ടും സ്ലീബാവച്ച് പാത്രം കൈയ്യിലെടുത്തുകൊണ്ട് ആഘോഷമായി നടത്തുവാനുള്ള സ്ഥലത്തു ചെന്ന് കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ട്)

പട്ടക്കാരൻ:- ദൂതന്മാർ സേ-വിപ്പോനേ;

ജനം:- ഈശാ! നീ പരിശുദ്ധൻ.

ക്രോബേന്മാർ വാഴ്ത്തുന്നോനേ!

ശക്താ! നീ പരിശുദ്ധൻ.

സ്രാപ്പികൾ കാദീ-ശാർപ്പോനേ!

മൃതഹീനാ! നീ പരിശുദ്ധൻ

പാപികളനുതാപത്തൊടൊത്തർത്ഥിച്ചോതുന്നു.

ഞങ്ങൾക്കായ് ജാതം ചെയ്തോനേ! കൃപചെയ്യേണം

(പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട്)

തീമയർ ഹാലൽ–ചൊൽവോനേ!

ഈശാ! നീ പരിശുദ്ധൻ.

ആത്മീയർ ശ്ലാ–ഘിപ്പോനേ!

ശക്താ! നീ പരിശുദ്ധൻ

മണ്മയരാഘോ–ഷിപ്പോനേ!

മൃതിഹീനാ! നീ പരിശുദ്ധൻ.

വിശ്വാസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു.

ഞങ്ങൾക്കായ് സ്നാനമതേറ്റോനേ!

കൃപചെയ്യേണം.

(വടക്കോട്ടു തിരിഞ്ഞുകൊണ്ട്)

മേലുള്ളോർ മാ–നിപ്പോനേ!

ഈശാ! നീ പരിശുദ്ധൻ.

മദ്ധ്യമർ കീർത്തി–ക്കുന്നോനേ!

ശക്താ! നീ പരിശുദ്ധൻ.

കീഴുള്ളോർ കൂ-പ്പുന്നോനേ!

മ്റുതിഹീനാ! നീ പരിശുദ്ധൻ.

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു

ഞങ്ങൾക്കായ് ജാതം ചെയ്തോനേ;കൃപ

ചെയ്യേ ണം.

(തെക്കോട്ടു തിരിഞ്ഞുനിന്നു കൊണ്ട്)

നാഥാ! കൃപചെയ്തീടേണം

നാഥാ! കൃപ ചെയ്യുകകനിവാൽ

നാഥാ!കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപചെ

യ്തീടേണം

ദേവേശാ! തേ സ്തോത്രം.

സൃഷ്ടാവേ! തേ സ്തോത്രം.

പാപികളാം ദാസരിലലിയും മിശിഹാരാ

ജാവേ; സ്തോത്രം. ബറെക്മോർ

പട്ടക്കാരൻ:- ആകാശങ്ങളിരിക്കുന്ന ഞങ്ങളുടെ ബാവാ! ...ഇത്യാദി.

[അനന്തരം ആഘോഷമായി മാമൂദീസാക്കല്ലിന്റെ അടുക്കലേയ്ക്കു വന്ന് പാത്രത്തിന്റെ വായിൽ നിന്ന് കുരിശെടുത്ത് മാമൂദീസാക്കല്ലിൽ വച്ച് പാത്രത്തിലെ വെള്ളം ഒരു തുള്ളി കിഴക്കുവശത്തും ഒരു തുള്ളി പടിഞ്ഞാറ് വശത്തും ഒരു തുള്ളി വടക്കുവശം മുതൽ തെക്കുവശം വരെയും ഇങ്ങനെ മൂന്നു തുള്ളികൾ മാമൂദീസാക്കല്ലിൽ വീഴ്ത്തേണ്ടതും ആ സമയത്ത് ജനങ്ങൾ 51-ാം മസുമൂറാ ചൊല്ലേണ്ടതും ആകുന്നു. അനന്തരം ശുദ്ധീകരിക്കപ്പെട്ട വെള്ളവുമായി മദ്ബഹായിൽ പ്രവേശിച്ച് പാത്രം ത്രോണോസിന്മേൽ വച്ചശേഷം താഴെക്കാണുന്ന ഹുത്തോമൊ പട്ടക്കാരൻ ചൊല്ലണം]

മഹത്തും അവർണ്ണ്യവുമായ നൽവരം മുഖാന്തിരം ഈ വെള്ളത്തെ അനുഗ്രഹിച്ച ഉത്തമനും മനുഷ്യ പ്രീതിയുള്ളവനുമായ ദൈവമേ! ഇതിനോടുള്ള സംബന്ധം മൂലം ഇതിനോടുകൂടെ ഞങ്ങളെല്ലാവരുടെയും ആത്മശരീരങ്ങളേയും അനുഗ്രഹി+ക്കേണമെ. അദൃശ്യനായ പിതാവെ! നിനക്കും വാത്സല്യപുത്രനും ഉത്തമനും വന്ദ്യനും

ജീവദായകനും സാരാംശത്തിൽ നിന്നോടു ഒന്നായിരിക്കുന്നവനുമായ നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും വന്ദനവും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ കരേറ്റുമാറാകണമെ. ആമ്മീൻ.

(അന്തരം വിശുദ്ധ കുർബാനയ്ക്കു ശേഷം അനുഗ്രഹിക്കപ്പെട്ട ഈ വെള്ളം എല്ലാവരും കുടിച്ച് പിരിയുന്നു.)



MALANKARA ORTHODOX SYRIAN SONGS